(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം, ഫണ്ട് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

34 (200) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയർകുന്നം-കുരോപ്പട-പാമ്പാടി-മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്ന് സ്കീം പൂർണ്ണമായി കമ്മിഷൻ ചെയ്യുമെന്നും അതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) ശുദ്ധീകരിച്ച വെള്ളം അടുത്ത വേനൽകാലത്തിനുമുൻപ് വിതരണം ചെയ്യണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കുമോ;

(ഡി) എന്നുമുതൽ ശുദ്ധീകരിക്കുന്ന വെള്ളം വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിയുടെ കിണറിന്റെ പണി പൂർത്തിയായി. പമ്പ് ഹൗസിന്റെ പണിക്ക് ടെണ്ടർ നടപടികൾ എടുത്തുവരുന്നു. വാഴപ്പറമ്പ്, മാതൃമല, എളപ്പാതി, പൊത്തൻപുറം എന്നീ സ്ഥലങ്ങളിലുള്ള സംഭരണികളുടെ പണി പൂർത്തിയായി. കോയിത്താനത്തുള്ള സംഭരണിയുടെ പണിയും പുരോഗമിക്കുന്നു. ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പണി 70% വും പൂർത്തിയായി.

(ബി) 12/2002-ൽ ശുദ്ധജലവിതരണം നടത്താൻ ലക്ഷ്യമിട്ട മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി)&(ഡി) 12/2000-ൽ ശുദ്ധജലവിതരണം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 4/2000-ൽ ശുദ്ധീകരിക്കാത്ത വെള്ളം ഉപയോഗിച്ച് പൈപ്പ് ലൈൻ ടെസ്റ്റ് ചെയ്യുന്നതിന് ട്രയൽ പമ്പിംഗ് തുടങ്ങാൻ ഉദ്ദേശിക്കുന്നു.

35 (201) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ പദ്ധതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജലവിതരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുകയും പ്രൈവറ്റ് പ്രോജക്ടുകൾ നടത്തുകയും ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23.11.98 ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 125/98/ഇ.വ. പ്രകാരം ഒരു പഞ്ചായത്തിനുള്ളിൽ ഒതുങ്ങുന്ന, 1050 ചെറു പദ്ധതികൾ നടത്തിപ്പിനായി അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പദ്ധതികൾ കൈമാറാൻ തീരുമാനവുമായിട്ടുണ്ട്. പദ്ധതികൾ കൈമാറുന്നതിനാവശ്യമായ പുനരുദ്ധാര പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ട അംഗീകാരവും നിർദ്ദേശവും നൽകി കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണ പുരോഗതി വിലയിരുത്തുന്നതിനായി ഒരു സ്പെഷ്യൽ മോണിറ്ററിംഗ് സെൽ വാട്ടർ അതോറിറ്റിയിൽ രൂപീകരിക്കുകയും, തിരുവനന്തപുരം ജില്ലയിലെ വിവിധ പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതികൾ 1999 ഡിസംബർ 31-ന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായി പ്രത്യേക പ്രോജക്ട് മാനേജ്മെന്റ് രൂപീകരിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

36 (202) മീനച്ചിലാറ്റിൽ നിന്ന് ജലം വിതരണം ചെയ്യാൻ പദ്ധതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അകലകുന്നം പഞ്ചായത്തിൽ മീനച്ചിലാറ്റിൽ നിന്നും വെള്ളം എടുത്തു വിതരണം ചെയ്യുന്ന പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) ഇതുവരേയും ഈ സ്കീം നടപ്പിലാക്കിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സ്കീം എന്നു നടപ്പിലാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) അതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) സമയബന്ധിതമായി ഈ സ്കീം നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 1984-ൽ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly